"ഭരണഭാഷ-മാതൃഭാഷ"

Azadi Ka Amrit Mahotsav

GOVERNMENT OF KERALA

ധനകാര്യ (വ്യയം-ബി) വകുപ്പ്

നം.62/2022/ധന. തീയതി, തിരുവനന്തപുരം, 22/07/2022

## പരിപത്രം

വിഷയം: ധനകാര്യ വകുപ്പ്- സാമ്പത്തിക അധികാര പരിധി സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

സൂചന : സ.ഉ.(അച്ചടി) നം.102/2017/ധന.തീയതി 07/08/2017

സൂചന ഉത്തരവ് പ്രകാരം സെക്രട്ടറിയേറ്റിലെ ഭരണ വകുപ്പുകളുടെയും, വകുപ്പ് തലവൻമാരുടെയും സാമ്പത്തിക അധികാര പരിധി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മറ്റ് വകുപ്പുകൾ പുറപ്പെടുവിച്ചിട്ടുള്ള സാമ്പത്തിക അധികാര പരിധി സംബന്ധിച്ച ഉത്തരവുകൾ സൂചന ഉത്തരവ് പരിഷ്കരിക്കുന്ന സാഹചര്യത്തിൽ ആയത് പരിശോധിച്ച് ടി ഉത്തരവിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ വകുപ്പ് തലവൻമാരുടെ സാമ്പത്തിക അധികാര പരിധി സംബന്ധിച്ച് മറ്റു വകുപ്പുകൾ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയവ സാധൂകരിച്ചു കൊണ്ട് ഇനി പുറപ്പെടുവിക്കാൻ പോകുന്ന General Financial Delegation ഉത്തരവിൽ ഉൾപ്പെടുത്തുന്നതിനായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) സ.ഉ.(അച്ചടി) നം.102/2017/ധന.തീയതി 07/08/2017 ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം മറ്റു വകുപ്പുകൾ എംപവേഡ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക അധികാര പരിധി നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ 31/08/2022 ന മുമ്പ് പ്രസ്തുത ഉത്തരവുകളുടെ തീർപ്പ് ഫയൽ സഹിതം ധനവകുപ്പിന് ലഭ്യമാക്കേണ്ടതാണ്.

2) വകുപ്പ് അദ്ധ്യക്ഷന്മാരുടെ സാമ്പത്തിക അധികാരം സംബന്ധിച്ച് മറ്റ് വകുപ്പുകൾ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയവ തീർപ്പ് ഫയൽ സഹിതം 31/08/2022 ന്

മുമ്പായി ധന വകുപ്പിന്റെ സാധൂകരണത്തിന് വേണ്ടി ലഭ്യമാക്കേണ്ടതാണ്. അപ്രകാരം സാധൂകരിക്കപ്പെടാത്ത ഉത്തരവുകൾ അടുത്ത General Financial Delegation ഉത്തരവിൽ ഉൾപ്പെടുത്തുന്നതല്ല.

3) സാമ്പത്തിക അധികാര പരിധി നിശ്ചയിച്ചുകൊണ്ട് പുതുക്കിയ പൊതു ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞാൽ പിന്നെ വകുപ്പ് തലവൻമാരുടെ അധികാര പരിധി നിശ്ചയിച്ചുകൊണ്ട് ഭാവിയിൽ ഭരണ വകുപ്പുകൾ ഉത്തരവ് പുറപ്പെടുവിക്കാൻ പാടില്ല.

4) സബോർഡിനേറ്റ് ഉദ്യോഗസ്ഥരുടെ സാമ്പത്തിക അധികാര പരിധി സംബന്ധിച്ച് ഭാവിയിൽ ഏതൊരു വകുപ്പും ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് എംപവേഡ് കമ്മിറ്റിയുടെ മിനിട്ട്സ് സഹിതം കരട് ഉത്തരവ് ധന വകുപ്പിന്റെ അംഗീകാരത്തിനായി ലഭ്യമാക്കണം. അപ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ നമ്പറിനൊപ്പം ധന വകുപ്പിൽ നിന്നും നൽകുന്ന ബ്രാക്കറ്റ് നമ്പർ കൂടി ഉൾപ്പെടുത്തേണ്ടതുമാണ്. അപ്രകാരം ബ്രാക്കറ്റ് നമ്പർ കൂടിയുള്ള ഉത്തരവ് മാത്രമേ സാമ്പത്തിക അധികാരം സംബന്ധിച്ച സാധുവായ ഉത്തരവായി കണക്കാക്കുകയുള്ളൂ.

സഞ്ജയ്.എം.കൗൾ

ധനകാര്യ (വ്യയം) സെക്രട്ടറി

പകർപ്പ്:

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ ) കേരള, തിരുവനന്തപുരം
എല്ലാ ഭരണ വകുപ്പുകൾക്കും.
എല്ലാ വകുപ്പ് തലവന്മാർക്കും
വെബ് & ന്യൂ മീഡിയ, വിവര പൊതു ജന സമ്പർക്ക വകുപ്പ്
നോഡൽ ഓഫീസർ www.finance.kerala.gov.in
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നമ്പർ ധെവ-4/110/2018-ധന, ഇ-870055)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ